DESPATCHED On..22/2/2020
1/1/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ AP. 2495*(2)/2018/എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 13929*/എസ്.ഐ.സി-ജി 6/2018)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.വി.എസ്.ജയകുമാർ**
**ടി.സി.26/2047(I)TRA-B-25**
**ട്യൂട്ടേഴ്സ് ലൈൻ, സ്റ്റാച്ച്യൂ,**
**തിരുവനന്തപുരം.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
   **ദേവസ്വം ബോർഡ് ആഫീസ്**
   **നന്ദൻകോട്, തിരുവനന്തപുരം**

2. **അപ്പീൽ അധികാരി &സെക്രട്ടറി**
   **ദേവസ്വം ബോർഡ് ആഫീസ്**
   **നന്ദൻകോട്, തിരുവനന്തപുരം**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10.07.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26.07.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 30.08.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 17.09.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 26.11.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 01.12.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 31.08.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 01.01.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 24.09.2019 – കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ

തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 10.07.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ക്രമന മ്പർ 1 ൽ ദേവസ്വം ബോർഡ് സെക്രട്ടറിയായിരുന്ന ശേഷം കഴിഞ്ഞ 10 വർഷത്തിനി ടയിൽ സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരുടെ പേരുവിവരവും, അവർക്ക് ദേവസ്വം ബോർഡാഫീസിലെ എൻ.എൽ.സി നൽകിയ ഫയലിന്റെ സാക്ഷ്യപ്പെടു ത്തിയ കോപ്പിയും ക്രമനമ്പർ 2 ൽ സീരിയൽ നമ്പർ 1 പ്രകാരമുള്ളതിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കാണ് ആഡിറ്റ് നടത്തിയ ശേഷം എൻ.എൽ.സി. നൽകിയിട്ടുള്ള തെന്നും അല്ലാതെ ആർക്കെല്ലാം നൽകിയെന്നും തുടങ്ങി 10 ഇനങ്ങളിലുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 26.07.2018 തീയതി ടി ആഫീസിൽ ലഭ്യമായ വിവരങ്ങൾ ചേർത്ത് 10 ഇന ങ്ങൾക്കുമായി മറുപടിയായി നൽകി.
3. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 30.08.2018 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ല എന്നും ക്രമനമ്പർ 2,3,6,8,9,10എന്നീ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ലെന്നും ആയതിന്റെ വിവരങ്ങൾ വിശദമായി ഇനം നമ്പർ a മുതൽ g വരെയുള്ള ചോദ്യങ്ങളിലായി ആവശ്യപ്പെടുകയുണ്ടായി. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 17.09.2018 തീയതി മറുപടി നൽകു കയുണ്ടായി.
4. 04.12.2018ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ക്രമന മ്പർ 2,3,6,8,9,10എന്നീ ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ലെന്നുള്ള കാര്യം ഇനം നമ്പർ a മുതൽ f വരെയുള്ള വിവരങ്ങൾ ആവശ്യപ്പെടുകയുണ്ടായി.
5. 23.09.2019 ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ 1 ഉം 5ഉം സംബന്ധിച്ച് ടി ആഫീസിൽ നിന്നും നിർദ്ദേശിച്ച രീതിയിൽ നിയമാനുസൃതം പണമടച്ച് പകർപ്പു കൾ കൈപ്പറ്റിയില്ലെന്നും ആയതിനാൽ വസ്തുതാവിരുദ്ധമായ ആരോപണമാണ് നടത്തിയിട്ടുള്ളതെന്ന് കാണാമെന്നും ടിയാൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച നിവേ ദനത്തിൽ ദേവസ്വം ബോർഡിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് ദേവസ്വം ബോർഡ് പുറപ്പെ ടുവിച്ച 27.08.1997 ലെ ആർ.ഒ.സി.9107/97/എസ്റ്റ(എ) നമ്പർ ഉത്തരവ് ടിയാൻ ജോലി

നോക്കുന്ന കാലയളവിലും ബാധകമായിരുന്നതാണെന്നും ടിയാന്റെ പേരിൽ വിജിലൻസ് അന്വേഷണവും, വകുപ്പുതല അച്ചടക്ക നടപടികളും നടന്നുവരുന്നതിനാലാണ് പെൻഷൻ ആനുകൂല്യങ്ങൾക്ക് കാലതാമസം ഉണ്ടായതെന്നും, 02.03.2019 ൽ ടിയാന് പ്രൊവിഷണൽ പെൻഷൻ അനുവദിച്ച് നൽകിയെന്നും ടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാന് നൽകിയെന്നും അറിയിച്ചു.

6. 24.09.2019 ന് കമ്മീഷൻ മുമ്പാകെ നടന്ന ഹിയറിംഗിൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല. എതിർ കക്ഷി ഹാജരായിരുന്നു. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടിയിൽ ചോദ്യം നമ്പർ 9ന് കൂടുതൽ വ്യക്തമായ രീതിയിൽ വിവരങ്ങൾ നൽകുന്നതിനും ചോദ്യം നമ്പർ 10 ന് ഒരിക്കൽക്കൂടി പകർപ്പുകൾ നൽകുന്നതിനും കമ്മീഷൻ നിർദ്ദേശം നൽകി. 14.10.2019 കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ ആയവ നൽകിയതായിയുള്ള എസ്.പി.ഐ.ഒയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2020 ജനുവരി 1–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

res

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)